പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2267

26.3.2013-ലെ മറുപടിയ്ക്ക്

**അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം | ശ്രീ.പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) രാമനാട്ടുകരയിലെ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിലെ വ്യവസായ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണ് ; | (എ) & ബി) രാമനാട്ടുകരയിൽ കിൻഫ്രയുടെ നേതൃത്വത്തിൽ സംയുക്ത സംരംഭമായി വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളായ ഐ.റ്റി/ഐ.റ്റി.ഇ.എസ്., ബി.പി.ഒ, ഇലക്ട്രോണിക്സ് എന്നിവയ്ക്കു വേണ്ടിയുള്ള നോളഡ്ജ് പാർക്ക് സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| ബി) പ്രസ്തുത പാർക്കിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; | രാമനാട്ടുകരയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന ടെക്നോളജി പാർക്കിനാവശ്യമായ 77.78 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഭൂമിയുടെ ഭൂരിഭാഗം പ്രദേശവും റവന്യൂ രേഖകൾ പ്രകാരം നിലം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഭൂമിയുടെ നിലവിലുള്ള സ്ഥിതിയിൽ മാറ്റം വരുത്തരുതെന്ന് ഹൈക്കോടതി താൽക്കാലിക നിരോധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ഭൂമിയുടെ പരിവർത്തനപ്പെടുത്തൽ ആ പ്രദേശത്തെ പരിസ്ഥിതിയേയും ബാധിക്കുമെന്ന കാരണം പറഞ്ഞ് പരിവർത്തനാവശ്യത്തിലേക്ക് വേണ്ടി തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം സമർപ്പിച്ചിരുന്ന അപേക്ഷ നിരാകരിച്ചിരിക്കുകയാണ്. പ്രസ്തുത ഉത്തരവിന്റെ പുന: പരിശോധനയ്ക്ക് കിൻഫ്ര സമർപ്പിച്ച അപേക്ഷ ഗവൺമെന്റിന്റെ പരിഗണനയിലാണ്. |

| | |
|---|---|
| സി) ഇവയുടെ നിർമ്മാണം എന്ന് ആരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ? | സി) ഹൈക്കോടതിയുടെ നിരോധന ഉത്തരവ് നീക്കുകയും ഭൂമി പരിവർത്തനം ചെയ്യുന്നതിനുള്ള അനുമതി ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

Haseen Kereek

സെക്ഷൻ ഓഫീസർ